പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2195 18.12.2012-ൽ മറുപടിയ്ക്ക്

## ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ ഇലഞ്ഞിമേൽ അരീക്കര ഭാഗങ്ങളിലെ വോൾട്ടേജ് ക്ഷാമം സംബന്ധിച്ച്.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ പുലിയൂർ പഞ്ചായത്ത് പ്രദേശങ്ങളായ ഇലഞ്ഞിമേൽ, അരീക്കര, തയ്യിൽ, ഏനാത്ത് പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്ത് മെമ്പർ കെ. എം വർഗ്ഗീസ് സമർപ്പിച്ച പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ; | (എ) (ബി) & (സി) ഇലഞ്ഞിമേൽ, അരീക്കര, തയ്യിൽ, ഏനാത്ത് എന്നീ പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി 600 മീറ്റർ 11 കെ. വി. ലൈൻ നിർമ്മിച്ച് പുലിമുഖത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള 6.35 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അനുമതി നൽകുകയും, പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷം തന്നെ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ കാരണം വിശദമാക്കുമോ ; | |
| (സി) പ്രസ്തുത പ്രദേശങ്ങളിൽ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ.